ലുള്ള ചർച്ചകൾ മാർച്ചുമാസത്തിൽ നടത്താൻ ധാരണയായിട്ടുണ്ട്. മുഖ്യമന്ത്രിതലത്തിലുള്ള ചർച്ചകൾക്കുശേഷമേ കരാർ സംബന്ധമായ ധാരണകൾക്ക് അന്തിമ രൂപം കൈവരുകയുള്ളൂ.

നദീജല കരാർ ലംഘിച്ച് വെള്ളം ചോർത്തിക്കൊണ്ടുപോകുന്ന നടപടി

*12 [42] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

,, എ. കെ. ബാലൻ :

,, വി. കെ. ചന്ദ്രൻ :

,, പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നദീജലവുമായി ബന്ധപ്പെട്ട് കേരളവും തമിഴ്നാടും തമ്മിൽ നിലവിലുള്ള കരാറുകൾ ലംഘിക്കപ്പെടുന്നതായും കേരളത്തിനർഹമായ വെള്ളം ചോർത്തിക്കൊണ്ടുപോകുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തമിഴ്നാടുമായി നദീജലം സംബന്ധിച്ച് ഏതെല്ലാം കരാറുകളാണ് നിലവിലുള്ളത്; ഏതെല്ലാം കരാറുകൾ തമിഴ്നാട് ലംഘിക്കുകയുണ്ടായി; ഏതെല്ലാം കാര്യങ്ങൾ കാലാനുസൃതമായി പുതുക്കേണ്ടതായിട്ടുണ്ട്;

(സി) കരാറുകൾ ലംഘിച്ചുകൊണ്ടും അല്ലാതെയും കേരളത്തിനർഹതപ്പെട്ട വെള്ളം ചോർത്തിക്കൊണ്ടുപോകുന്നതു സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇതിനകം നഷ്ടപ്പെട്ട വെള്ളം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര ടി. എം. സി. വെള്ളം; കരാറുകൾ പ്രകാരം അർഹതപ്പെട്ട എത്ര ഘന അടി വെള്ളം കേരളത്തിന് ലഭിക്കുവാനായിട്ടുണ്ട്;

(ഡി) വെള്ളം ചോർത്തിക്കൊണ്ട് പോകുന്നത് തടയാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ;

(ഇ) കരാർപ്രകാരമുള്ള വെള്ളം ലഭിക്കാത്തതിനാൽ പതിനായിരക്കണക്കിന് കർഷകർ അതിരൂക്ഷമായ വരൾച്ചയെ നേരിട്ടുകൊണ്ടിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) നദീജലവുമായി ബന്ധപ്പെട്ട് കേരളവും തമിഴ്നാടുമായുള്ള കരാറുകളിൽ പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിലെ ചില വ്യവസ്ഥ[illegible]ർ തമിഴ്നാട് ലംഘിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കേരളത്തിനർഹമായ വെള്ളം കരാറുകൾ ലംഘിച്ച് ചോർത്തിക്കൊണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1886-ൽ നിലവിൽ വന്ന പെരിയാർ പാട്ടക്കരാർ, 1958 മുതൽ മുൻകാല പ്രാബല്യത്തോടെ 1970-ൽ ഒപ്പുവച്ച പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാർ, 1973-ൽ നിലവിൽ വന്ന ശിരുവാണി കുടിവെള്ള പദ്ധതിക്കരാർ എന്നീ മൂന്നു കരാറുകളാണ് തമിഴ്നാടും കേരളവും തമ്മിലുള്ള നദീജല കരാറുകൾ. തമിഴ്നാടുമായുള്ള കരാറുകളിൽ പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിലെ ചില വ്യവസ്ഥകൾ തമിഴ്നാട് ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുല്ലപ്പെരിയാർ കരാറിൽ 1936-ൽ വിഭാവനം ചെയ്തിട്ടുള്ള ജലസേചനത്തിനുപരിയായി പവ്വർ ജനറേഷൻ നടത്തി തമിഴ്നാട് കരാർ ലംഘിക്കുകയുണ്ടായിട്ടുണ്ട്. ശിരുവാണി കരാർ 20 വർഷം കൂടുമ്പോൾ പുതുക്കാൻ വ്യവസ്ഥയുണ്ട്. പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാർ 30 വർഷം കൂടുമ്പോൾ പുനരവലോകനം ചെയ്യാൻ വ്യവസ്ഥ ചെയ്യുന്നു. മുല്ലപ്പെരിയാർ പാട്ടക്കരാറിന്റെ കാലാവധി 999 വർഷമാണ്.

(സി) കേരളത്തിനർഹതപ്പെട്ട ജലം ചോർത്തിക്കൊണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) കരാർ പ്രകാരമുള്ള ജലം പൊതുവെ കേരളത്തിനു ലഭിക്കുന്നുണ്ട്. എന്നാൽ ഈ വർഷവും മുൻവർഷവും പാലക്കാട് ജില്ലയിൽ ലഭിക്കേണ്ട വെള്ളത്തിൽ കുറവുവന്നിട്ടുണ്ട്. പാലക്കാട് ജില്ലയിലെ കൃഷിക്ക് ആവശ്യമായ ജലം യഥാസമയം ലഭിക്കാത്തതിനാൽ കേരളത്തിലെ ചിറ്റൂർ പ്രദേശങ്ങളിലെ കർഷകർ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് തമിഴ്നാട് സർക്കാരുമായി ബന്ധപ്പെട്ട് കൃഷിക്കാവശ്യമായ വെള്ളം ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

*13 [43] ശ്രീ. കെ. കെ. ജയചന്ദ്രൻ :
,, ടി. കെ. ബാലൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടെ നിർവ്വഹണ ഉത്തരവാദിത്വത്തിൽ നിന്ന് വാട്ടർ അതോറിറ്റി പിന്തിരിയാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധമായ സംസ്ഥാന ആസൂത്രണ ബോർഡിന്റെ ശുപാർശകൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly